കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)ന്റെ നടപടിക്രമം
സാക്ഷിപ്തം

ഗുരുതരമായ കൃത്യവിലോപവും, ചട്ടലംഘനവും- 03.12.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു. കൊട്ടാരക്കര യൂണിറ്റിലെ കണ്ടക്ടർ ശ്രീ.സിബു.ആർ.നായർ-ന് എതിരായ അച്ചടക്കനടപടി- സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ്.

==========================================================================================

വിജിലൻസ് വിഭാഗം

നമ്പർ.വി.എൽ.ഡി.3/007039/2021(A&VC5) തിരുവനന്തപുരം, തീയതി: 27.07.2023

സൂചന:-1. GL1/694/2021/KTR എന്ന നമ്പർ പ്രകാരം 02.03.2021 തീയതിയായി കൊട്ടാരക്കര യൂണിറ്റോഫീസർ സമർപ്പിച്ച റിപ്പോർട്ട്.
2. ഇതേ നമ്പർ പ്രകാരമുള്ള 08.04.2021 -ലെ കുറ്റപത്രം.
3. 10.08.2021-ലെ കറ്റപത്രത്തിനുള്ള മറുപടി.
4. 14.09.2021-ലെ വിശദാന്വേഷണ വിചാരണ റിപ്പോർട്ട്.
5. 30.03.2023-ലെ കാരണംകാണിക്കൽ നോട്ടീസ്.

ഉത്തരവ്

കൊട്ടാരക്കര ഡിപ്പോയിലെ കണ്ടക്ടറായ ശ്രീ.സിബു.ആർ.നായർ എന്ന താങ്കൾ 03.12.2020 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ലെന്ന വിവരം കൊട്ടാരക്കര ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ സൂചന (1) പ്രകാരം അനന്തര നടപടികൾക്കായി റിപ്പോർട്ട് ചെയ്യുകയുണ്ടായി. യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിക്കാതെയും മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയിൽനിന്നും വിട്ടു നിൽക്കുന്നത് ഗുരുതരമായ കൃത്യവിലോപവും പെരുമാറ്റദൂഷ്യവുമാകയാലും ആയത് കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നതുമാകയാൽ ശ്രീ.സിബു.ആർ.നായർ എന്ന താങ്കൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ച് 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 08.04.2021-ാം തീയതിയായി സൂചന (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയുണ്ടായി. താങ്കൾ കുറ്റപത്രം കൈപ്പറ്റിയെങ്കിലും ആയതിന് ടിയാൻ ഒരു മറുപടി സമർപ്പിച്ചിട്ടില്ല. തുടർന്ന് നിശ്ചിത സമയപരിധിയ്ക്ക് ശേഷം ചട്ടം 15 അനുശാസിക്കും പ്രകാരം ഒരു ഔപചാരിക അന്വേഷണത്തിനായി (Formal Enquiry) അട്ടൂർ യൂണിറ്റധികാരിയെ എൻക്വയറി ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായി അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ അധികാരി താങ്കൾ ബന്ധപ്പെട്ട അധികാരികളുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ 03.12.2020 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകവഴി ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവും നടത്തിയതായി കാണുന്നതിനാൽ കുറ്റക്കാരനായി കണ്ടെത്തി സൂചന (4) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് 12.10.2021-ന് അയച്ചു നൽകിയിട്ടുള്ളതും ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾ 22.10.2021-ാം തീയതിയായി കൈപ്പറ്റിയിട്ടും താങ്കൾ ആയതിന്മേൽ വിശദീകരണമോ എതിർവാദങ്ങളോ സമർപ്പിച്ചിട്ടില്ലാത്തതുമാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ഈ ഫയലുമായി ബന്ധപ്പെട്ട മറ്റെല്ലാ രേഖകളും പരിശോധിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് പൂർണ്ണമായും യോജിക്കുന്നു. ദീർഘകാലം അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന താങ്കളുടെ പ്രവൃത്തി ന്യായീകരിക്കാവുന്നതല്ല.

ഫയലും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചതിൽ ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം ഒരു ഘട്ടത്തിലും താങ്കൾ നൽകിയിട്ടില്ല എന്ന് കാണുന്നു. സർവ്വീസ് രേഖകൾ പരിശോധിച്ചതിൽ താങ്കൾ 04.10.1997 മുതൽ കോർപ്പറേഷന്റെ സർവ്വീസിൽ പ്രവേശിച്ചുവെന്നും 03.12.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നുവെന്നും കാണുന്നു. അപ്രകാരം ജോലിയിൽ

Contd-------2/-

നിന്നും വിട്ടുനിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുണ്ട്. ഗുരുതരമായ കൃത്യവിലോപവും, അവധിചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. ഈ പ്രവണത തുടരാൻ അനുവദിക്കുന്നത് സ്ഥാപനത്തിന് ഗുണകരമല്ലെന്നും കോർപ്പറേഷന്റെ താൽപ്പര്യങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം ജീവനക്കാരെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നത് അഭികാമ്യമല്ല എന്നു കണ്ട് 1960-ലെ കേരളാ സിവിൽ സർവ്വീസുകൾ (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ (Removal from Service) ഉദ്ദേശിക്കുന്നതായി കാണിച്ച് സൂചന (5) പ്രകാരം 30.03.2023-ാം തീയതിയായി ഒരു കാരണംകാണിക്കൽ നോട്ടീസ് താങ്കൾക്ക് നൽകിയിട്ടുള്ളതും ആയത് 12.04.2023 തീയതിയിൽ കൈപ്പറ്റിയിട്ടു താങ്കൾ വിശദീകരണം സമർപ്പിച്ചിട്ടില്ലാത്തതുമാണ്. കാരണംകാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ശിക്ഷയിൽ ഇളവ് നൽകുവാൻ മതിയായ കാരണം കാണുന്നില്ല.

സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് ഒരു ജീവനക്കാരൻ / ജീവനക്കാരി അവധിയിൽ പ്രവേശിക്കുമ്പോൾ യഥാസമയം ലീവപേക്ഷ സമർപ്പിച്ച് ബന്ധപ്പെട്ട അധികാരിയിൽ നിന്നും അനുവാദം വാങ്ങണം. മാത്രവുമല്ല മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലാണ് ലീവപേക്ഷയെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റും ലീവപേക്ഷയോടൊപ്പം നൽകണമെന്നാണ് വ്യവസ്ഥ. ആയത് താങ്കൾ പാലിച്ചതായി കാണുന്നില്ല.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ കൊട്ടാരക്കര യൂണിറ്റിലെ കണ്ടക്ടറായ ശ്രീ.സിബു.ആർ.നായർ എന്ന താങ്കളെ 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (Vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Removal from service) താൽക്കാലികമായി എടുത്ത തീരുമാനം അന്തിമമാക്കി സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (Removal from service) ഇതിനാൽ ഉത്തരവാകുന്നു.

എ.ഷാജി
(ഗവ. ജോയിന്റ് സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്:
ശ്രീ.സിബു.ആർ.നായർ, കണ്ടക്ടർ, കൊട്ടാരക്കര.
(ജില്ലാ അധികാരി, കൊല്ലം മുഖാന്തിരം )

പകർപ്പ്: ജില്ലാ അധികാരി, കൊല്ലം - ടി ഉത്തരവ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പ് വാങ്ങി തിരിച്ചയക്കേണ്ടതും ടിയാന്റെ സർവ്വീസ് ബുക്കിലും പണിഷ്മെന്റ് രജിസ്റ്ററിലും ശിക്ഷാവിവരം രേഖപ്പെടുത്തേണ്ടതും, വിവരം ജി സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

PS to CMD/Steno to ED(V)/Steno to ED(A)/Audit Officer/ജനറൽ സെക്ഷൻ/ പെൻഷൻ സെക്ഷൻ/എ&വി സെക്ഷൻ/എല്ലാ ജില്ലാ/യൂണിറ്റ് അധികാരികൾക്കും, പി.എഫ്/പേയ്മെന്റ്/ഗ്രഡേഷൻ വിഭാഗങ്ങൾക്ക് ആഡിറ്റ് ഓഫീസർ/സ്റ്റോക്ക് ഫയൽ/ഫയൽ

BSA